## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 318 30-01-2014 ന് മറുപടിയ്ക്ക്

## നെല്ലിയാമ്പതിയിലെ തോട്ടങ്ങളുടെ അനധികൃത കൈമാറ്റം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ചന്ദ്രൻ**<br>**ശ്രീ. വി. ചെന്താമരാക്ഷൻ**<br>**ശ്രീ. കെ.വി. വിജയദാസ്** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |

എ) നെല്ലിയാമ്പതിയിലെ തോട്ടങ്ങളുടെ അനധികൃത കൈമാറ്റം സംബന്ധിച്ച് തൃശ്ശൂർ വിജിലൻസ് കോടതി നിർദ്ദേശിച്ചതനുസരിച്ച് നടന്ന അന്വേഷണത്തിന്റെ റിപ്പോർട്ട് വനം വകുപ്പ് പരിശോധിക്കുകയുണ്ടായോ;

ബി) തോട്ടങ്ങളുടെ അനധികൃത കൈമാറ്റം സംബന്ധിച്ച ആക്ഷേപങ്ങൾ ശരിയായിരുന്നുവെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ;

സി) വിജിലൻസ് അന്വേഷണത്തിലൂടെ തെളിയിക്കപ്പെട്ട വസ്തുതകൾ വിശദമാക്കാമോ;

എ, ബി & സി: നെല്ലിയാമ്പതിയിലെ തോട്ടങ്ങളുടെ അനധികൃത കൈമാറ്റം സംബന്ധിച്ച് തൃശ്ശൂർ വിജിലൻസ് കോടതി നിർദ്ദേശിച്ചതനുസരിച്ച് നടന്ന അന്വേഷണത്തിന്റെ റിപ്പോർട്ട് വനം വകുപ്പിന് ലഭിച്ചിട്ടില്ല.

ഡി) പാട്ടക്കരാർ ലംഘനം നടത്തിയവരുടെ തോട്ടങ്ങൾ ഏറ്റെടുക്കാൻ മുൻ എൽ.ഡി.എഫ് സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയായി തോട്ടഭൂമി ഒരിഞ്ചുപോലും നഷ്ടപ്പെടാതെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ഡി: പാട്ടക്കരാർ ലംഘനം നടത്തിയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നെന്മാറ ഡിവിഷനുകീഴിൽ പാട്ടക്കരാർ ലംഘിച്ച 40 എസ്റ്റേറ്റുകൾ ഉണ്ട്. ഇവയിൽ ബിയാട്രീസ് 2002 ലും, മീരാ ഫ്ലോറസ് (5 എണ്ണം) 2011 ലും സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. ചെറുനെല്ലി, രാജക്കാട്, മോങ്കുവുഡ് എന്നീ 3 എസ്റ്റേറ്റുകളുടെ പാട്ടക്കരാർ - 2012 ലും, കാരപ്പാറ എ & ബി എന്നീ 2 എസ്റ്റേറ്റുകളുടെ

..........2

പാട്ടക്കരാർ 2013 ലും, സർക്കാർ റദ്ദാക്കുക യുണ്ടായി. എന്നാൽ മേൽ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് ബഹു. ഹൈക്കോടതി സ്റ്റേ നിലവിലുള്ളതിനാൽ അവ ഏറ്റെടുത്തിട്ടില്ല. ബാക്കി 29 എസ്റ്റേറ്റുകളുടെ പാട്ടകരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

Abhilash
സെക്ഷൻ ഓഫീസർ